**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **27-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിൽ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയും സാധ്യതാപഠനം നടത്താതെയും സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ ആരംഭിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ ശാഖകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ സംയുക്തമായി പരിശോധിച്ച ശാഖ പ്രവർത്തിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഒരു സർവ്വേ നടത്തി, ശാഖയുടെ ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം, കാർഷിക വായ്പാ വിതരണം, ശാഖ ആരംഭിച്ചാൽ കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത, ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം, ജീവനക്കാരുടെ വിന്യാസം, നിക്ഷേപം ലഭിക്കാനുള്ള സാദ്ധ്യത, ശാഖ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത, മറ്റ് പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യത തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു സർവ്വേ നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുവാദം നൽകി വരുന്നത്. എന്നാൽ കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയും സാധ്യതാപഠനം നടത്താതെയും സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദം ഇല്ലാതെയും ശാഖകൾ ആരംഭിച്ചിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | പുതിയ ശാഖകൾ ആരംഭിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവയുടെ ശാഖകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ), |

| | | | | |
|---|---|---|---|---|
| | | | | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ സംയുക്തമായി പരിശോധിച്ച ശാഖ പ്രവർത്തിപ്പിയ്ക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഒരു സർവ്വേ നടത്തി, ശാഖയുടെ ടി പ്രദേശത്ത് ബാങ്കിന്റെ നിലവിലുള്ള പ്രവർത്തനം, കാർഷിക വായ്പാ വിതരണം, ശാഖ ആരംഭിച്ചാൽ കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യത, ശാഖ നടത്തുന്നതിനുള്ള കെട്ടിടത്തിന്റെ ലഭ്യത, സുരക്ഷിതത്വം, ജീവനക്കാരുടെ വിന്യാസം, നിക്ഷേപം ലഭിക്കാനുള്ള സാദ്ധ്യത, ശാഖ സ്വയം പര്യാപ്തമായി പ്രവർത്തിക്കുന്നതിനുള്ള സാദ്ധ്യത, മറ്റ് പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യത തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു സർവ്വേ നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നതിന് അനുവാദം നൽകി വരുന്നത്. എന്നാൽ കൃത്യമായ മുന്നൊരുക്കങ്ങളില്ലാതെയും സാധ്യതാപഠനം നടത്താതെയും സഹകരണ സംഘം രജിസ്ട്രാറുടെ അനുവാദം ഇല്ലാതെയും ശാഖകൾ ആരംഭിച്ചിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ